തമിഴ്നാട്- യൂണിറ്റൊന്നിന് 122 പൈസ

കേരളം- യൂണിറ്റൊന്നിന് 104 പൈസ

(ഡി) നിരവധി തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ 1997 ഫെബ്രുവരി ഒന്നിനാണ് വൈദ്യുതിനിരക്കിൽ സമഗ്രമായ പരിഷ്കരണം നടത്തിയത്.

(ഇ) സംസ്ഥാനത്ത് അടുത്ത കാലത്ത് കമ്മിഷൻ ചെയ്ത വിദ്യുച്ഛക്തി ബോർഡിന്റെ പദ്ധതി ബ്രഹ്മപുരം ഡീസൽ നിലയമാണ്. പ്രസ്തുത നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ ഉൽപ്പാദനചെലവ് 1999 മാർച്ചിലെ കണക്കു പ്രകാരം യൂണിറ്റൊന്നിന് 295 പൈസയാണ്. ഇതിനുപുറമേ അടുത്തകാലത്ത് കമ്മീഷൻ ചെയ്ത പദ്ധതി എൻ.ടി.പി.സി. യുടെ കായംകുളം നിലയമാണ്. പ്രസ്തുത നിലയത്തിൽ നിന്നും വൈദ്യുതി സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് വിലയ്ക്കുവാങ്ങി വിതരണം നടത്തുകയാണ് ചെയ്യുന്നത്. ഇങ്ങനെ വാങ്ങുന്ന വൈദ്യുതിക്ക് എൻ.ടി.പി.സി. യൂണിറ്റൊന്നിന് 394 പൈസ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും താൽക്കാലിക നിരക്കായ 275 പൈസയാണ് യൂണിറ്റൊന്നിന് ബോർഡ് ഇപ്പോൾ നൽകിവരുന്നത്.

12 (*40) ഡീസൽ നിലയങ്ങൾ

ശ്രീമതി രാധാ രാഘവൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊത്തം വൈദ്യുത ഉൽപ്പാദനശേഷിയുടെ പത്ത് ശതമാനത്തിൽ കൂടുതൽ ഡീസൽ നിലയങ്ങൾ പാടില്ലെന്ന കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ നിർദ്ദേശം സംസ്ഥാന വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശം പാലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാന വൈദ്യുതിബോർഡിന് അങ്ങനെയൊരു നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി) പ്രസക്തമല്ല.

(സി) പ്രസക്തമല്ല.

13 (*41) വൈദ്യുതിനിരക്ക് വർദ്ധനവുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ.എം. മാണി :

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ കേരളത്തിൽ വൈദ്യുതിനിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) അടുത്തകാലത്ത് വൈദ്യുതിനിരക്കിൽ വരുത്തിയ വർദ്ധനവു മൂലം എത്രകോടി രൂപയാണ് പ്രതിദിനം വൈദ്യുതിബോർഡ് കൂടുതലായി പ്രതീക്ഷിക്കുന്നത്; ഓരോ വിഭാഗത്തിലും വരുത്തിയ വർദ്ധനവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വൈദ്യുതിചാർജ് വർദ്ധനവുമൂലം സംസ്ഥാനത്തെ വ്യാവസായിക മേഖല പ്രതിസന്ധി നേരിടുകയാണെന്ന സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നറിയിക്കുമോ; കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകി വ്യവസായ മേഖലയെ രക്ഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ലോഡ്ഷെഡ്ഡിംഗും പവർകട്ടും കേരളത്തിൽ നിലനിൽക്കുമ്പോൾ വൈദ്യുതിചാർജ് കൂടി വർദ്ധിപ്പിച്ച് കേരളത്തിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കും എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(എഫ്) നിലവിലുള്ള വൈദ്യുതി നിരക്കും വർദ്ധിപ്പിച്ച വൈദ്യുതി നിരക്കും കണക്കിലെടുക്കുമ്പോൾ ഗാർഹിക ഉപയോഗത്തിനും ഹൈടെൻഷൻ എക്സ്ട്രാ ഹൈടെൻഷൻ വ്യവസായ ഉപയോഗത്തിനും എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ജി) സംസ്ഥാനത്തെ വ്യവസായശാലകളുടെ വൈദ്യുതിനിരക്ക് 1997, 1998 എന്നീ വർഷങ്ങളിൽ എത്ര തവണ വർദ്ധിപ്പിച്ചുവെന്നും ഓരോ തവണയും എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) രണ്ടു തവണ 1.2.1997 ലും 15.5.1999 ലും.

(ബി) പ്രതിദിനം 1.35 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ഓരോ വിഭാഗത്തിലുംപെട്ട ഉപഭോക്താക്കൾക്ക് വരുത്തിയ വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ഉണ്ട്, ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപഭോക്താവിന് വിതരണം ചെയ്യുന്നതിന് യൂണിറ്റൊന്നിന് 199.5 പൈസ ചെലവാകുമ്പോൾ, നിരക്കുവർദ്ധനവിനുമുമ്പ് വൈദ്യുതി വിൽപ്പനവഴി ലഭിച്ചിരുന്നത് യൂണിറ്റൊന്നിന് ശരാശരി 144 പൈസയും നിരക്കുവർദ്ധനവിനുശേഷം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നത് ശരാശരി 189 പൈസയുമാണ്. ഇങ്ങനെ വൈദ്യുതി വിൽപ്പന നടത്തുന്നതുവഴി ഇപ്പോൾ തന്നെ യൂണിറ്റൊന്നിന് 10.5 പൈസ നഷ്ടം നിരക്കുവർദ്ധനവിനുശേഷവും സംഭവിക്കുന്നുണ്ട്. ആയതിനാൽ വ്യവസായങ്ങൾക്ക് മാത്രമായി കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്നതിന് ബുദ്ധിമുട്ടുണ്ട്. പീക്ക് ലോഡ്, ഓഫ് പീക്ക്ലോഡ് സമയങ്ങളിൽ ഫാക്ടറികളുടെ പ്രവർത്തനം ക്രമീകരിച്ച് പീക്ക്ലോഡ് സമയങ്ങളിലെ വൈദ്യുതി ഉപഭോഗം പരമാവധി കുറച്ച് വൈദ്യുതി ചാർജിൽ കുറവ് വരുത്താവുന്നതാണ്. കൂടാതെ വൈദ്യുത ക്ഷമത കൂടിയ ഉപകരണങ്ങൾ ഉപയോഗിക്കുക, ഇൻസ്റ്റലേഷനുകൾ സ്റ്റാൻഡേർഡൈസ് ചെയ്യുക തുടങ്ങിയ സാങ്കേതിക പരിഷ്കാരങ്ങൾ അവലംബിച്ചും വൈദ്യുതി ഉപഭോഗം കുറയ്ക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 15.2.1997 മുതൽ സംസ്ഥാനത്ത് പവർകട്ട് നിലവിലില്ല. ജില്ലാ ആസ്ഥാനങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ രാത്രികാലത്ത് ഏർപ്പെടുത്തിയിട്ടുള്ള അരമണിക്കൂർ ലോഡ്ഷെഡ്ഡിംഗ് മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. വൈദ്യുതിനിരക്ക് വർദ്ധനവ് ഏർപ്പെടുത്തിയപ്പോൾ ഗാർഹിക ഉപഭോക്താക്കൾക്ക് വളരെ മിതമായ വർദ്ധനവ് മാത്രമേ ഏർപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ സാധാരണ ജനങ്ങൾക്ക് ഉണ്ടാകത്തക്കതരത്തിലുള്ള ഒരു വർദ്ധനവല്ല സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) നിരക്കുവർദ്ധിപ്പിച്ചതിനുശേഷവും യൂണിറ്റൊന്നിന് 10.5 പൈസ നഷ്ടം സഹിച്ചാണ് വൈദ്യുതി വിൽക്കുന്നത്. അതിനാൽ വൈദ്യുതിചാർജ് കുറയ്ക്കാൻ നിർവ്വാഹമില്ല.

(എഫ്) ഗാർഹികം-ശരാശരി വർദ്ധനവ് : 26.5%

ഹൈടൻഷൻ- വ്യവസായം : 40%

എക്സ്ട്രാഹൈടെൻഷൻ : 40%

(ജി) 1997-ൽ ഒരു തവണയാണ് നിരക്ക് വർദ്ധനവ് ഏർപ്പെടുത്തിയത്. ഈ ഉത്തരവുപ്രകാരം ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ, ഉപഭോക്താക്കൾക്ക് 40 ശതമാനവും ലോടെൻഷൻ ഉപഭോക്താക്കൾക്ക് 35% വും വർദ്ധനയാണ് വരുത്തിയത്. കൂടാതെ ഈ ഉത്തരവു പ്രകാരം എല്ലാവർഷവും 10 ശതമാനം അധികനിരക്ക് നൽകാൻ വ്യവസായശാലകൾ ബാദ്ധ്യസ്ഥരാണ്. ഇതനുസരിച്ചുള്ള വർദ്ധനവ് 1.2.98 മുതൽ വരുത്തിയിരുന്നു.

വിശദീകരണക്കുറിപ്പ് (അനുബന്ധമായി ചേർത്തിരിക്കുന്നു)[†]

14 (*42) ജലവൈദ്യുതി ഉൽപ്പാദനം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഭരണികളിൽ മതിയായത്ര വെള്ളമുണ്ടായിട്ടും ജലവൈദ്യുതിയുടെ ഉൽപ്പാദനം വെട്ടിക്കുറയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഒരു ക്രമീകരണം നടത്താനുള്ള ശുപാർശ നൽകിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ;

(സി) കാലവർഷം ആരംഭിച്ചപ്പോൾ തന്നെ സംഭരണികൾ നിറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഈ വർഷം വൈദ്യുതോൽപ്പാദനം നടത്തേണ്ട ലക്ഷക്കണക്കിന് ഘന അടി ജലം ഇക്കാരണത്താൽ ഒഴുക്കികളയേണ്ടി വരുമെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ നടപടി ജല വൈദ്യുതി പ്രോജക്ടുകളിലെ ഉൽപ്പാദനം ക്രമേണ കുറച്ചുകൊണ്ടുവന്ന് പൂർണ്ണമായും നിർത്തലാക്കാനുള്ള നീക്കത്തിന്റെ ഭാഗമാണെന്ന ആരോപണത്തെക്കുറിച്ച് ഗവണ്മെന്റിന്റെ അഭിപ്രായമെന്താണ്;

[†] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly